(സി) പോലീസ് സ്റ്റേഷൻതലം മുതൽ ഡി.ജി.പി. ഓഫീസുവരെയുള്ള വിവിധ പോലീസ് ഓഫീസുകൾ കംപ്യൂട്ടർവൽക്കരണത്തിന് 475.01 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാർ നവീകരണ സ്കീമിൽ (2001-02 ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.)

(ഡി) നവീകരണ സ്കീമിലും ധനകാര്യ കമ്മീഷൻ അവാർഡിലും ഉൾപ്പെടുത്തി ശാസ്ത്രീയ കുറ്റാന്വേഷണം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർപ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവകളിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് വിവിധ പരിശോധനകൾ നടത്തുന്നതിനും കുറ്റകൃത്യങ്ങൾ നടന്ന സ്ഥലത്തുനിന്നു കിട്ടുന്ന തെളിവുകൾ പരിശോധിക്കുന്നതിനുമായി 17 സ്റ്റീരിയോയും മൈക്രോസ്കോപ്പ്, കംപാരിക്കൽ മൈക്രോസ്കോപ്പ്, വീഡിയോ സ്പെക്ടർ കംപാരറ്റർ (എക്യുപ്മെന്റ് ഫോർ ടെസ്റ്റിംഗ് അതർ കസ്റ്റ്യൻസ് ഡോക്യുമെന്റ്സ്) മുതലായവയും ഫിംഗർപ്രിന്റ് ബ്യൂറോയിലേയ്ക്ക് കൈവിരലടയാളങ്ങൾ എടുക്കുന്നതിലേയ്ക്ക് ആവശ്യമായ കെമിക്കലുകളും മറ്റ് സാധനസാമഗ്രികളും പോലീസ് ഫോട്ടോഗ്രാഫിക് യൂണിറ്റിനുവേണ്ടി അംബ്രല്ലാ ഫ്ളാഷ്, റിംഗ് ഫ്ളാഷ് തുടങ്ങിയവയും വാങ്ങി ഉപയോഗിച്ചുവരുന്നു.

പോലീസ് സേനയുടെ നവീകരണം

41 (1509) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് പറയാമോ ; ഇതിനായി കേന്ദ്രത്തിൽ നിന്നും എന്ത് തുകയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് പറയാമോ ;

(സി) പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡിൽപ്പെടുത്തി പോലീസ് നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചു ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) തീവ്രവാദ വർഗ്ഗീയ ആക്രമണം തടയുന്നതിന് പോലീസ് സേനയിൽ പ്രത്യേക വിഭാഗം രൂപീകരിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കേന്ദ്രം വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ തീവ്രവാദ വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ എന്താണെന്ന് വിശദമാക്കുമോ ; ഇതിനോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് സേനയുടെ നവീകരണത്തിനായി വിവിധ കേന്ദ്രസഹായ പദ്ധതികളിൽപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മോഡണൈസേഷൻ ഓഫ് സ്റ്റേറ്റ് പോലീസ് ഫോഴ്സ് സ്കീമിൽ 2000-01-ലേയ്ക്ക് 58.57 കോടി രൂപയും 2001-02, 2002-03 വർഷങ്ങളിലേയ്ക്ക് 63 കോടി രൂപ വീതമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു. കൂടാതെ 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2000-04 വർഷങ്ങളിലേയ്ക്ക് 23 കോടി രൂപയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, വനിതാപോലീസുകാർക്ക് വിശ്രമസ്ഥലം എന്നീ നിർമ്മാണ പ്രവർത്തനങ്ങളും ഫോറൻസിക് സയൻസ് ലബോറട്ടറിക്കുവേണ്ടിയുള്ള ആധുനിക ഉപകരണങ്ങൾ പോലീസ് സേനയ്ക്ക് ആവശ്യമുള്ള ആയുധങ്ങൾ മറ്റ് ഉപകരണങ്ങൾ എന്നിവ ഈ പദ്ധതിയിൻപ്രകാരം വാങ്ങി ഉപയോഗിച്ചുവരുന്നു.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം താഴെപറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കുന്നു.

1. നിർമ്മാണം

പഴയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം ജില്ലാ സായുധസേനയും ബറ്റാലിയനും വേണ്ടിയുള്ള കെട്ടിടങ്ങൾ പോലീസ് കൺട്രോൾ റൂമുകൾ ജില്ലാ പോലീസ് ഓഫീസുകൾ റെയ്ഞ്ച് ഡി.ഐ.ജി. ഓഫീസുകൾ, സോണൽ ഐ.ജി. ഓഫീസുകൾ, സി.ഐ. ഓഫീസുകൾ വനിതാ പോലീസുകാർക്ക് വിശ്രമമുറി, സി.ബി.സി.ഐ.ഡി. ഓഫീസുകൾ, ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് കെട്ടിടം, കോസ്റ്റൽ പോലീസ് സ്റ്റേഷൻ കെട്ടിടം എസ്.ബി.സി.ഐ.ഡി. ഓഫീസുകൾ, ലോവർ സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്കും അപ്പർ സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്കുമുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം എന്നിവ നടന്നുവരുന്നു.

2. വാഹനങ്ങൾ, ഉപകരണങ്ങൾ

പോലീസ് സേനയ്ക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസർസ് കോഡിനും റയ്ട്ട് കൺട്രോൾ എസ്. ബി. സി. ഐ. ഡി., സി.ബി.സി.ഐ.ഡി., കോസ്റ്റൽ സെക്യൂരിറ്റിക്ക് ആവശ്യമായ ഉപകരണങ്ങൾ സയന്റിഫിക് ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള ഉപകരണങ്ങൾ എഫ്.എസ്.എൻ.എഫ്.പി.ബി. ഫോട്ടോഗ്രാഫിക്

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകളിലേയ്ക്കുള്ള ഉപകരണങ്ങൾ, ട്രെയിനിംഗ് വിഭാഗങ്ങളിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ, പോലീസ് ടെലികോം യൂണിറ്റിലേയ്ക്ക് ആവശ്യമായ വാർത്താവിനിമയ ഉപകരണങ്ങൾ, പോലീസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഉപകരണങ്ങൾ എന്നിവ കേന്ദ്ര ധനസഹായമുപയോഗിച്ച് പോലീസ് സേനയ്ക്കായി വാങ്ങിച്ച് ഉപയോഗിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പോലീസ് സേനാ നവീകരണത്തിനായി 2001-02 വർഷത്തിൽ 31.12 കോടി രൂപയും 2002-03 വർഷത്തിൽ 31.50 കോടി രൂപയും കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ട്.

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 23 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 1001 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് 100 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, വനിതാ പോലീസുകാർക്കായി 206 വിശ്രമമുറികൾ എന്നീ നിർമ്മാണ പ്രവർത്തനങ്ങളും ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവയും വാങ്ങി ഉപയോഗിച്ചു വരുന്നു.

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്തി വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ ജനറൽ (ഇന്റലിജൻസ്)നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ&എഫ്) പ്രസ്തുത സമ്മേളനത്തിന്റെ നടപടി കുറിപ്പ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ഹൈവേ പോലീസിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി

42 (1510) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈവേ പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഹൈവേ പോലീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ ;

(സി) ഹൈവേ പോലീസിലെ ചിലർ വാഹനങ്ങളെ അനധികൃതമായി തടഞ്ഞു നിർത്തി പണപ്പിരിവ് നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൈവേ പോലീസിന്റെ പ്രവർത്തനം കൂടുതൽ കുറ്റമറ്റതും, ജനോപകാരപ്രദവുമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly